**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7299** | **16.07.2012 - ൽ മറുപടിക്ക്**

## അങ്കമാലി മണ്ഡലത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
|---|---|---|
| (എ) അങ്കമാലി-ആലുവ ദേശീയപാതയിലെ പണിയിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br><br>(ബി) ഈ അപാകങ്ങൾ പരിഹരിക്കുന്നതിന് ദേശീയപാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം വിശദമാക്കാമോ ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | അങ്കമാലി - ആലുവ ദേശീയപാത നാലുവരി പാതയായി 2004-ൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വികസിപ്പിച്ചിട്ടുള്ളതാണ്. അങ്കമാലി - ആലുവ ദേശീയപാതയിലെ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള വിശദമായ ശുപാർശ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പാലക്കാട് പ്രോജക്ട് ഡയറക്ടർ ബാംഗ്ലൂർ റീജിയണൽ ഓഫീസിലേക്ക് അയച്ചിരുന്നു. തുടർന്ന് ബാംഗ്ലൂർ റീജിയണൽ ഓഫിസിലെ മെമ്പർ (പ്രോജക്ട്സ്) സ്ഥലപരിശോധന നടത്തി. ഈ പണി നടത്തുന്നതു മൂലമുണ്ടാകുന്ന അധിക ബാധ്യത (സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ) സംസ്ഥാന സർക്കാർ വഹിക്കുന്നതിന് നിർദ്ദേശിച്ചു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്. (ഫയൽ നം.10635/ഡി3/12/ പൊമവ). അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യവും പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അങ്കമാലി ടൗണിലെ ടാറിംഗിലെ അപാകങ്ങളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും അപകടങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; | (ഇ) | അങ്കമാലി ടൗണിലെ ടാറിംഗിൽ അപാകതയുള്ള ഭാഗത്തെ അപാകതകൾ പരിഹരിക്കുന്നതിനും മോർണിംഗ് സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓട വൃത്തിയാക്കുന്നതിനും ഓടയിലെ തടസ്സങ്ങൾ നീക്കുന്നതിനും ആവശ്യമായ പണികൾ അടിയന്തിരമായി ചെയ്യണമെന്ന നിർദ്ദേശം അങ്കമാലി മണ്ണുത്തി പദ്ധതിയുടെ കരാർ ഏറ്റെടുത്ത കമ്പനിക്ക് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ പാലക്കാട് യൂണിറ്റിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | കറുകുറ്റിയിൽ ദേശീയപാതയിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിലുള്ള താമസം ഒഴിവാക്കാൻ എന്ത് കാര്യങ്ങൾ ചെയ്യുമെന്ന് വിശദമാക്കുമോ ; | (എഫ്) | ദേശീയപാതയിലെ കറുകുറ്റി ഭാഗത്തെ ഡ്രെയിനേജിന്റെ പണികൾ പൂർത്തിയായിട്ടുള്ളതാണ്. ഇളവൂർ കവലയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഒരു മീഡിയന്റെ ഭാഗത്ത് മാത്രമേ ഇപ്പോൾ വെള്ളക്കെട്ട് അനുഭവപ്പെടുന്നുള്ളൂ. ഈ മീഡിയൻ പൊളിച്ച് നീക്കിയാൽ മാത്രമേ വെള്ളക്കെട്ട് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ പൊതുജനങ്ങളുടെ പ്രതിഷേധം കാരണം ആയത് സാധ്യമാകുന്നില്ല. |
| (ജി) | കരയാംപറമ്പ് ജംഗ്ഷനിൽ ഇന്നത്തെ സംവിധാനം അപര്യാപ്തമായതിനാൽ വിപുലമായ രീതിയിൽ യു ടേൺ ട്രാഫിക് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി | (ജി) | കരയാംപറമ്പ് ജംഗ്ഷനിൽ വിപുലമായ രീതിയിലുള്ള 'യു' ടേൺ സംവിധാനത്തിന് ട്രാഫിക് ഐലന്റ് സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമല്ല. എങ്കിലും ടി ജംഗ്ഷനിൽ ഇപ്പോൾ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; | | സിഗ്നൽ സിസ്റ്റവും 'യു' ടേൺ സംവിധാനവും നിലവിലുണ്ട്. |
| (എച്ച്) | ടോളിൽ നിന്നും 20 കി.മീ. മാത്രം ദൂരമുള്ള അങ്കമാലി നിവാസികളെ ടോൾ ചർച്ചകളിൽനിന്നും ഒഴിവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എച്ച്) | ടോൾ പിരിവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഒരു പ്രദേശത്തെ ജനങ്ങളെ മുഴുവൻ വിളിക്കുന്നത് അപ്രായോഗികമാണ് എങ്കിലും തെരഞ്ഞെടുത്ത ജനപ്രതിനിധികളും സംയുക്ത സമരസമിതി നേതാക്കളും ആയി ചർച്ച നടത്തിയശേഷമാണ് ഇക്കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുന്നത്. |
| (ഐ) | സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ അതുവരെയും ടോൾ പിരിക്കുന്നതിൽനിന്നും അങ്കമാലി നിവാസികളെ ഒഴിവാക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ? | (ഐ) | കേരള സർക്കാരിന്റെ 18.02.2012 -ലെ സ.ഉ.(കയ്യെഴുത്ത്) നം. 23/2012/പൊമവ പ്രകാരം 10 കി.മീ. മുതൽ 20 കി.മീ. വരെ ചുറ്റളവിൽ താമസിക്കുന്ന പ്രാദേശിക നിവാസികളെ ടോൾ പിരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ